V നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബില്ലിന്റെ പരിഗണന (തുടർച്ച)

മി. സ്പീക്കർ : മെമ്പർമാർക്കെല്ലാം ചർച്ചയിൽ പങ്കെടുക്കുന്നതിന് പരിപൂർണ്ണമായുള്ള സ്വാതന്ത്ര്യം കൊടുക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ഇന്നലെ ഞാൻ ഒരു പ്രഖ്യാപനം നടത്തി. പക്ഷേ അഡ്വക്കേറ്റ് ക്ളാർക്ക്സിനെ ആരും മൈൻഡ് ചെയ്തില്ല. എല്ലാവരും പ്രസംഗിക്കുകയായിരുന്നു. തൊഗാഡിയ, ബിഷപ്പുമാർ അതൊക്കെയായിരുന്നു ഈ സഭയിൽ. അതുകൊണ്ട് ഞാൻ എന്റെ ഇന്നലത്തെ തീരുമാനം മാറ്റി. ഇന്ന് വിയോജനക്കുറിപ്പുള്ളവർക്ക് പത്ത് മിനിട്ടിൽ കൂടുതൽ അനുവദിക്കുകയില്ല. അമെന്റ് മെന്റ് ഉള്ളവർക്ക് 15 മിനിട്ടിൽ കൂടുതൽ ഇന്നുതൊട്ട് അനുവദിക്കുകയില്ല. ഏതായാലും ഈ ബില്ലിന്റെ പകുതിപോലും ഇന്നലെ എടുക്കുവാൻ സാധിച്ചില്ല. 24 വകുപ്പുകളുള്ളതിൽ 12 വകുപ്പുകളാണ് ഇന്നലെ തീർന്നത്. ഞാൻ തന്ന സ്വാതന്ത്ര്യം ബഹുമാനപ്പെട്ട അംഗങ്ങൾ പൂർണ്ണ രീതിയിൽ എടുക്കാത്തതുകൊണ്ടാണ് ഈ തീരുമാനം എടുക്കേണ്ടതായി വന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇവിടെ ഒരു പ്രാക്ടീസ് കൊണ്ടുവന്നാൽ അത് തുടർന്നുകൊണ്ടുപോകുവാൻ സമ്മതിക്കുന്നതാണ്. അതിനെല്ലാം മാറ്റം വന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ഒരു മണിക്കൂറിൽ കൂടുതൽ അഡ്വക്കേറ്റ് ക്ളാർക്ക്സിനെപ്പറ്റി എന്താണ് പറയാനുള്ളത് ? ഒരു മണിക്കൂറിൽ കൂടുതൽ സമയം എടുത്തിട്ടുള്ളവരുണ്ട്. ഇന്നലത്തെ എല്ലാ പത്രങ്ങളും നമ്മളെ ആക്ഷേപിച്ചില്ലേ ? ഒരു മെമ്പറും അതു പറഞ്ഞില്ല എന്നു പറഞ്ഞ് എല്ലാ പത്രങ്ങളും ആക്ഷേപിച്ചില്ലേ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഭേദഗതി അവതരിപ്പിക്കുവാൻ സമയം കൊടുക്കണം.

മി. സ്പീക്കർ : ഭേദഗതിയൊക്കെ അവതരിപ്പിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സമയം റസ്ട്രിക്ട് ചെയ്യാൻ അങ്ങേയ്ക്ക് അവകാശമുണ്ട്. പക്ഷേ സമയം റസ്ട്രിക്ട് ചെയ്താലും ഡിസ്ക്കഷനിൽ ബില്ലിന്റെ അകത്തുനിന്ന് സംസാരിക്കാൻകൂടി, റസ്ട്രിക്ട് ചെയ്യണം. ബില്ലിന്റെ പരിധിക്കകത്തുനിന്നുകൊണ്ടുവേണം സംസാരിക്കാൻ.

മി. സ്പീക്കർ : ചെയറിൽ ആരായിരുന്നാലും ബില്ലിന്റെ പരിധി വിട്ടാൽ അത് അനുവദിക്കരുത്. ബില്ലിന്റെ പരിധിയിൽനിന്ന് സംസാരിക്കാം. മുഴുവൻ രാഷ്ട്രീയം പറയണ്ട. തൊഗാഡിയ അല്ല ഈ ബിൽ. അഡ്വക്കേറ്റ് ക്ളാർക്ക്സും തൊഗാഡിയയും തമ്മിൽ എന്തു ബന്ധം ?

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ഷേമനിധി ബില്ലിന്റെ പരിഗണന - തുടർച്ച

LIBRARY ARCHIVES Kerala Legislative Assembly

13-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(366) ഖണ്ഡം 13(1)-ൽ "നിയമ വകുപ്പിലെ". എന്ന വാക്ക് നീക്കം ചെയ്യുക.

(382) ഖണ്ഡം 13(2) (എച്ച്)-നു ശേഷം താഴെ പറയുംപ്രകാരം (ഐ) എന്ന പുതിയ ഇനം ഉൾപ്പെടുത്തുക.

(ഐ) "കമ്മിറ്റിയുടെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ്".

സെക്രട്ടറി, ചീഫ് എക്സിക്യൂട്ടീവ് എന്നിവർ ദൈനംദിനമായ എല്ലാ കാര്യങ്ങളും ചെയ്യാനുള്ള ഉത്തരവാദിത്വത്തിൽപ്പെട്ട ഉദ്യോഗസ്ഥരാണ്. ചീഫ് എക്സിക്യൂട്ടീവ് എന്നാണ് പല ബോർഡുകളിലും പറയുന്നത്. സെക്രട്ടറി എന്നുള്ളത് ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയിലുള്ളതാണ്. നിയമ വകുപ്പിൽനിന്ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെ കിട്ടും. ഇതിന്റെകൂടെ സെക്രട്ടറിയായിട്ട് ഒരു പൂർണ്ണ സമയ രീതിയിൽ പോകുന്നത് നമുക്ക് അഭികാമ്യമാണ്. ഈ ബോർഡിന്റെ പ്രവർത്തനത്തെ അത് തടസ്സപ്പെടുത്തും. പ്രത്യേകിച്ച് ഞാൻ ഇന്നലെ സൂചിപ്പിച്ചതാണ്. ആദ്യത്തെ രണ്ട് മൂന്നു വർഷക്കാലം വളരെയേറെ കഠിനമായി ജോലി ചെയ്താലെ രജിസ്ട്രേഷനും രജിസ്ട്രേഷൻ കാർഡും കൊടുക്കൽ പോലുള്ള കാര്യങ്ങൾ പൂർത്തിയാക്കുവാൻ കഴിയുകയുള്ളു. ആ ഭേദഗതി അവതരിപ്പിക്കുകയാണ്. 382-ാം ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ് എന്നതാണ്. 13(2)(എച്ച്)-നു ശേഷം ഞാൻ പുതിയ (ഐ) എന്ന സബ്ക്ളാസ് കൊണ്ടുവരികയാണ്. സെക്രട്ടറി എല്ലാ തീരുമാനവും ഏകപക്ഷീയമായിട്ട് എടുക്കുവാൻ പാടില്ല. നയപരമായ പ്രധാനപ്പെട്ട തീരുമാനമെടുക്കുന്നത് ബോർഡ് അംഗീകാരത്തോടെ ചർച്ച ചെയ്തിട്ട് വേണം. അതല്ലെങ്കിൽ സെക്രട്ടറിയുടെ തീരുമാനങ്ങൾ ഏകപക്ഷീയവും സ്വേച്ഛാധിപത്യപരവുമായ രീതിലേക്കു പോകും. പല താല്പര്യങ്ങൾക്ക് അടിസ്ഥാനത്തിലാകും. അതുകൊണ്ട് ബോർഡിന്റെ അധികാരത്തെ സെക്രട്ടറി സൂപ്പർസീഡ് ചെയ്യാൻ പാടില്ല. സെക്രട്ടറിയുടെ അധികാരത്തിൽ ഗവൺമെന്റിലേക്ക് എല്ലാ റിപ്പോർട്ടും കൊടുക്കുക എന്നു പറഞ്ഞു. അത് ഏറ്റവും ഉത്തരവാദപ്പെട്ട സംഗതിയാണ്. മാർച്ച് മാസം മുപ്പത്തിയൊന്നാം തീയതിക്കു മുമ്പേ ആ റിപ്പോർട്ട് വച്ചാലേ എല്ലാ വർഷവും സഭയിൽ റിപ്പോർട്ടു വരികയുള്ളു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെപ്പറയുന്ന ഭേദഗതികൾ 10.A.M.] അവതരിപ്പിക്കുന്നു.

(367) ഖണ്ഡം 13 (1)-ൽ "ഡെപ്യൂട്ടി സെക്രട്ടറി" എന്നത്" അണ്ടർ സെക്രട്ടറി" എന്നാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(386) ഖണ്ഡം 13 (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക :
(3) "കമ്മിറ്റിയുടെ നടത്തിപ്പിനാവശ്യമായ അത്രയും എണ്ണം ഉദ്യോഗസ്ഥരെ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നിയമിക്കാവുന്നതാണ്".

367-നെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. 386-നെ സംബന്ധിച്ച് ഒരു വാക്ക് പറയാം. രൂപീകരിക്കുന്ന ക്ഷേമനിധി ബോർഡിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ഒരു വകുപ്പാണ്. സർക്കാരിന് താല്പര്യമുള്ള ആളുകളെ നിയമിക്കാൻ കഴിയുന്ന നിലയിലാണ് ഇപ്പോൾ അതിൽ എഴുതിച്ചേർത്തിട്ടുള്ളത്. ഞാൻ അതിൽ ഉന്നയിക്കുന്ന ഭേദഗതി പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നോ വരുത്തുന്ന ലിസ്റ്റ് അനുസരിച്ച് അർഹതപ്പെട്ട ആളുകളെ നിയമിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണമെന്നുള്ളതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(369) ഖണ്ഡം 13 (2) എ-യിൽ "കമ്മിറ്റിയുടെയും" എന്നതിനു പകരം "ഫണ്ടിന്റേയും" "അതിനെതിരായുള്ള" എന്നതിനുപകരം "അതിനെതിരായുള്ളതുമായ" എന്നും "കമ്മിറ്റിയെ" എന്നതിന് പകരം "ഫണ്ടിനെ" എന്നും ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(370) ഖണ്ഡം 13 (2) (സി) യിൽ "കമ്മിറ്റിയുടെ" എന്നതിനുശേഷം "നിർദ്ദേശങ്ങൾക്കു വിധേയമായി അതിന്റെ" എന്ന് ചേർക്കുക.

ശ്രീ. പി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(371) ഖണ്ഡം 13 ഉപഖണ്ഡം (2) (സി)-യിൽ "കമ്മിറ്റിയുടെ മേൽനോട്ടത്തിനും തീരുമാനങ്ങൾക്കും വിധേയമായി എന്നീ വാക്കുകൾ" കമ്മിറ്റിയുടെ ബാങ്ക്" എന്നീ വാക്കുകൾക്ക് മുൻപായി ചേർക്കുക.

(383) ഖണ്ഡം 13(3)-ൽ "അത്തരം രീതിയിലും അത്തരം" എന്ന വാക്കുകൾ നീക്കം ചെയ്യുകയും "വ്യവസ്ഥകൾക്ക് അനുസൃതമായും അല്ലെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും" എന്നതിനുപകരം "വ്യവസ്ഥകൾക്ക് അനുസൃതമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്നു ചേർക്കുക.

ശ്രീ. തമ്പാനൂർ രവി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(373) ഖണ്ഡം 13 (2) (ഡി)-യിൽ "തയ്യാറാക്കുകയും" എന്നതിനു ശേഷം താഴെപ്പറയുന്നത് ചേർക്കുക :

LIBRARY ARCHIVES Kerala Legislative Assembly

"തീരുമാനങ്ങൾ നടപ്പിലാക്കുകയും" അതിൽ അധികാരം സ്പെസിഫൈ ചെയ്യാൻവേണ്ടി തീരുമാനിക്കുകയും നടപ്പിലാക്കുകയും എന്നുകൂടി വേണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(374) ഖണ്ഡം 13 (2) (ഡി)-ക്കുശേഷം താഴെപ്പറയുന്ന പുതിയ ഇനം ചേർക്കുകയും അതിനുശേഷമുള്ള ഇനങ്ങളുടെ നമ്പർ പുനഃക്രമീകരിക്കുകയും ചെയ്യുക.

(ഇ) "ഓരോ വർഷവും മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പ് തുടർന്നുവരുന്ന വർഷത്തേക്കുള്ള അതിന്റെ ബഡ്ജറ്റ് തയ്യാറാക്കി കമ്മിറ്റിക്ക് സമർപ്പിക്കുകയും".

ശ്രീ. പി. ടി. തോമസ് : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(375) ഖണ്ഡം 13 (2) (ഇ)യുടെ അവസാനഭാഗത്ത് "വേണ്ട വിശദീകരണങ്ങൾ നൽകുകയും"എന്ന് ചേർക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(376) ഖണ്ഡം 13 (2) (എഫ്)-ൽ "അങ്ങനെയുള്ള" എന്നതിനുപകരം "പ്രകാരമുള്ള" എന്നും "കമ്മിറ്റിയുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും" എന്നതിനുപകരം "കമ്മിറ്റിയുടെ പേരിൽ എല്ലാ എഴുത്തുകുത്തുകളും" എന്നും ചേർക്കുക. അങ്ങനെയുള്ള എന്നതിനുപകരം നിർണ്ണയിക്കാവുന്ന പ്രകാരമുള്ള എന്നാക്കണമെന്ന് നിർദ്ദേശിച്ചത് നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫോറം എന്ന് കൃത്യമാക്കാനാണ്. 'അങ്ങനെയുള്ള' എന്നുപറയുമ്പോൾ എങ്ങനെയുള്ള എന്ന് വിവരിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണ് അത് മൂവ് ചെയ്യുന്നത്. സെക്രട്ടറിയുടെ ചുമതലകളെക്കുറിച്ച് പറയുമ്പോൾ കമ്മിറ്റിയുമായി ബന്ധപ്പെട്ട് എല്ലാ കത്തിടപാടുകളും എന്ന പ്രയോഗം മാറ്റേണ്ടതാണ്. കാരണം കമ്മിറ്റിയുമായി ബന്ധപ്പെടാത്ത കത്തിടപാടുകൾ സെക്രട്ടറി നടത്തേണ്ട ആവശ്യമില്ല. ആ സ്ഥിതിക്ക് കമ്മിറ്റിയുടെ പേരിൽ എല്ലാ എഴുത്തുകുത്തുകളും നടത്തേണ്ടതാണ്.

ശ്രീ കളത്തിൽ അബ്ദുള്ള : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(377) ഖണ്ഡം 13(ജി)-യുടെ അവസാനത്തിൽ "കണക്കുകൾ ആഡിറ്റു ചെയ്യിക്കുകയും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(381) ഖണ്ഡം 13 (2) (എച്ച്)-ൽ "അങ്ങനെയുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(384) ഖണ്ഡം 13 (3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിലും അത്തരം ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും" എന്നതിനുപകരം "പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും" എന്നാക്കി മാറ്റുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(387) ഖണ്ഡം 13 (3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(3) "കമ്മിറ്റിയുടെ നടത്തിപ്പിനാവശ്യമായ അത്രയും എണ്ണം ഉദ്യോഗസ്ഥരെ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ സ്ഥാപനങ്ങൾ വ്യവസ്ഥാപിതമായി തയ്യാറാക്കി നൽകുന്ന ലിസ്റ്റിൽ നിന്നും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇതര സർക്കാർ വകുപ്പുകളിൽ നിന്നും കമ്മിറ്റിക്ക് നിയമിക്കാവുന്നതാണ്".

387-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഇത്തരം ക്ഷേമനിധി ബോർഡിന്റെ കാര്യത്തിൽ വരുന്ന ഒരു പ്രധാന പ്രശ്നമാണ്. അവിടെയുള്ള ഉദ്യോഗസ്ഥരുടെ നിയമനത്തിലാണ് അത്തരത്തിലുള്ള പ്രശ്നങ്ങൾ വരുന്നത്. അതിന് ഇടകൊടുക്കാത്ത വിധത്തിൽ ഇപ്പോൾ ഡെപ്യൂട്ടേഷൻ റദ്ദായാകാമെന്ന വിധത്തിൽ പറഞ്ഞിട്ടുണ്ട്. അതോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലെങ്കിൽ പി.എസ്.സി. വഴിയോ ഉള്ള ആളുകളെ നിയമിക്കണം. അല്ലെങ്കിൽ സ്വന്തക്കാരേയും മറ്റും നിമയിച്ചു എന്നുള്ള ആക്ഷേപത്തിനിടവരും. അതില്ലാതെ ഒരു വകുപ്പ് ചേർക്കണം.

മി.സ്പീക്കർ : മന്ത്രിയെ രക്ഷിക്കാൻവേണ്ടി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഗവൺമെന്റിനേയും മന്ത്രിയേയും രക്ഷിക്കാനാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(388) 13-ാം ഖണ്ഡത്തിൽ (3)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

(4) "കമ്മിറ്റിക്ക് ഈ ആക്ട് പ്രകാരമുള്ള കമ്മിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് കമ്മിറ്റിയേയും അതിന്റെ സെക്രട്ടറിയേയും സഹായിക്കുന്നതിനായി കമ്മിറ്റിക്ക് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

4, 5 എന്നീ രണ്ട് സബ് ക്ലാസ്സ് കൂടി അഡീഷണലായി വയ്ക്കണം. അതിൽ ഉദ്യോഗസ്ഥരുടെ നിയമനത്തെ സംബന്ധിച്ചും അവരുടെ ശമ്പളത്തെ സംബന്ധിച്ചും ആണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട തമ്പാനൂർ രവി അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. രണ്ടാമത് ഇവിടെ ഉയർന്നുവന്ന ഒരു കാര്യം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അല്ലെങ്കിൽ പി.എസ്.സി.യും കൂടി ചേർക്കണമെന്നാണ്. ഈ ബില്ലിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലെങ്കിൽ റൂളിൽ നിശ്ചയിക്കുന്ന രീതിയിലോ എന്ന് ഉണ്ട്. ഡെപ്യൂട്ടേഷൻ മാത്രമല്ല. ഇതിനകത്തുള്ള ഒരു കാര്യം പി.എസ്.സി.-ക്ക് വിടണമെങ്കിൽ അഡിഷണൽ ഫംഗ്ഷൻസ് എന്നുള്ള നിലയ്ക്ക് നിയമം ഭേദഗതി ചെയ്യാം. നമുക്ക് നിലവിൽ ഒരു നിയമമുണ്ട്. The Kerala Public Service Commission (Additional Functions as respect certain Corporations and Companies) എന്ന നിയമം നിലവിലുണ്ട്. അത് ഭേദഗതി ചെയ്തുകൊണ്ടു വേണം പി.എസ്.സി.ക്ക് വിടാൻ. അത് എപ്പോൾ വേണമെങ്കിലും ഗവൺമെന്റിന് ചെയ്യാവുന്ന കാര്യമാണ്. രണ്ടാമത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആക്ട് ഇപ്പോൾത്തന്നെ നിലവിലുണ്ട്; Compulsory Notification of Vacancies Act. അതനുസരിച്ച് ആളുകളെ കിട്ടുന്നില്ലായെങ്കിലേ മറ്റ് രീതിയിലാകാവൂ. അല്ലെങ്കിൽ പ്രോസിക്യൂട്ട് ചെയ്യപ്പെടും എന്നൊക്കെ ആ നിയമത്തിൽ ഉണ്ട്. നിലവിലുള്ള നിയമമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പോകണോ ? പി.എസ്.സി. വഴി വേണമെങ്കിൽ അമെൻഡ്മെന്റ് വേണം. ഇവിടെ ഡെപ്യൂട്ടേഷനിലോ മറ്റ് വ്യവസ്ഥയിലോ എന്ന് പറഞ്ഞിട്ടുണ്ട്. മറ്റ് രീതിയിലാണെന്നുള്ളത് ആ റൂൾ വരുമ്പോൾ പറഞ്ഞുകൊള്ളാം. ഡെപ്യൂട്ടേഷൻ എന്നുപറയുന്നത് ചെലവ് കുറയ്ക്കാൻവേണ്ടിയാണ്. ഇത് ഒരു ചെറിയ കമ്മിറ്റിയാണ്. വക്കീൽ ക്ലാർക്കുമാരുടേതാണ്. ചെലവ് ഒരുപാട് ഉണ്ടാകരുത്. അതുകൊണ്ടാണ് ഉദ്യോഗസ്ഥന്മാരുടെ ഡെപ്യൂട്ടേഷൻ മാത്രമാക്കി വച്ചിരിക്കുന്നത്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 366, 382 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 367, 386 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കളത്തിൽ അബ്ദുള്ള അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ബാലറാം അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 371, 383 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(389) ഖണ്ഡം 14 (1)-ൽ "രണ്ട് രൂപയുടെ" എന്നതിനുപകരം "അഞ്ച് രൂപയുടെ" എന്ന് ചേർക്കുക.

രണ്ട് രൂപയുടെ ക്ഷേമനിധി സ്റ്റാമ്പ് തയ്യാറാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ആ സ്റ്റാമ്പ് തയ്യാറാക്കുന്നതിന് ഭീമമായ സംഖ്യ വേണം. അതുകൊണ്ട് രണ്ട് രൂപയ്ക്ക് പകരം അഞ്ച് രൂപയുടെ ക്ഷേമനിധി സ്റ്റാമ്പ് തയ്യാറാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(391) ഖണ്ഡം 14 (1)-ൽ രണ്ടാമത്തെ വരിയിൽ "രൂപത്തിലും" എന്ന വാക്കിനുശേഷമുള്ള "അത്തരം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(392) ഖണ്ഡം 14 ഉപഖണ്ഡം (1)-ൽ "അച്ചടിക്കുകയോ, അച്ചടിപ്പിക്കുകയോ" എന്നതിനുപകരം "സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(395) ഖണ്ഡം 14 (2)-ലെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ഗവൺമെന്റ് പ്രസ്സിൽത്തന്നെ അച്ചടിക്കുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ അഴിമതി ആരോപണത്തിന് ഇടയാകും.

ശ്രീ. പി. ജയരാജൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(393) ഖണ്ഡം 14 (2)-ൽ 'നിർണ്ണയിക്കപ്പെട്ട അളവിൽ' എന്ന വാക്ക് 'സ്റ്റാമ്പ്' എന്ന വാക്കിനും 'പതിക്കേണ്ടതും' എന്ന വാക്കിനും ഇടയിലായി ചേർക്കുക.

ശ്രീ. എം. മുരളി: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(396) ഖണ്ഡം 14 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാന സർക്കാരിനോ" എന്നതിനും "വേണ്ടി ഫയൽ ചെയ്യുന്ന" എന്നതിനും ഇടയ്ക്ക് "മറ്റേതെങ്കിലും സർക്കാരിനോ" എന്ന വാക്കുകൾ ചേർക്കുക.

കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഫയൽ ചെയ്യുന്ന വക്കാലത്തിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റ് സംസ്ഥാന ഗവൺമെന്റുകളെക്കൂടി അതിനകത്ത് ഉൾക്കൊള്ളിക്കണമെന്നാണ്.

ശ്രീ. എം. വി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(398) ഖണ്ഡം 14 (4)-ൽ "അച്ചടിയും" എന്ന വാക്ക് "സ്റ്റാമ്പിന്റെ" എന്ന വാക്കിന്റെയും "വിതരണവും" എന്ന വാക്കിന്റെയും ഇടയിലായി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമ നിധി സ്റ്റാമ്പ് ആക്ട് 14 (4)-ൽ സ്റ്റാമ്പിന്റെ വിതരണവും വില്പനയും മാത്രമേ പറയുന്നുള്ളു. അതുകൊണ്ട് അച്ചടിയും കൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(399) 14-ാം ഖണ്ഡത്തിൽ താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക :

"(5) കമ്മിറ്റി, സ്റ്റാമ്പ് അച്ചടിക്കുന്നതിനുള്ള ചെലവ് ഫണ്ടിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്". സ്റ്റാമ്പ് അടിക്കാനുള്ള ചെലവ് ഫണ്ടിൽ നിന്ന് എടുക്കണമെന്നുള്ളതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ :ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത്പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

15-ാം വകുപ്പ്

ശ്രീ. എം. വി.ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(400) ഖണ്ഡം 15 ഉപഖണ്ഡം (1)-ൽ "ഈ ആക്ടിന്റെ പ്രാരംഭത്തിൽ" എന്നതിനുശേഷം "രജിസ്റ്റർ ചെയ്തു" എന്ന വാക്കുകളും "നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ" എന്നതിനു ശേഷം "രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം" എന്നീ വാക്കുകളും കൂടി ചേർക്കുക.

ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ അംഗീകാരവും രജിസ്ട്രേഷനും സംബന്ധിച്ചാണ്. ഒന്ന്, അത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമായിരിക്കണം. രണ്ട്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം അംഗീകാരത്തിന് അപേക്ഷിക്കണം. ഈ രണ്ട് ഭേദഗതിയും ഉൾപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(401) ഖണ്ഡം 15 ഉപഖണ്ഡം 1-ൽ

1. 'ഒരു തീയതിക്ക്' എന്നതിനുപകരം 'തീയതിക്കോ ഇക്കാര്യത്തിലേക്കായി നീട്ടിക്കൊടുക്കാവുന്ന തീയതിക്കോ" എന്ന് ചേർക്കുക.

2. "നിലയിൽ" എന്ന വാക്കിനു പകരം "നിലയിലുള്ള" എന്ന് ചേർക്കുക.

3. "നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള" എന്ന വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

4. "അങ്ങനെയുള്ള രജിസ്ട്രേഷനുവേണ്ടി" എന്നതിനുപകരം "അംഗീകാരത്തിനും രജിസ്ട്രേഷനും വേണ്ടി" എന്ന് ചേർക്കുക.

ഖണ്ഡം 5 ഉപഖണ്ഡം (1)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കുക.

"എന്നിരുന്നാലും, പുതുതായി രൂപീകരിക്കപ്പെട്ട ഒരു അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുശേഷം അംഗീകാരത്തിനും രജിസ്ട്രേഷനും വേണ്ടി അപേക്ഷിക്കുന്ന സംഗതിയിൽ കാലതാമസത്തിന് മതിയായ കാരണമുണ്ടെന്ന് കമ്മിറ്റിക്ക് തോന്നുന്നപക്ഷം ആ കാലതാമസം മാപ്പാക്കുന്നതും അംഗീകാരവും രജിസ്ട്രേഷനും നൽകാവുന്നതുമാണ് .

ശ്രീ. എ. കെ. ബാലൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(402) ഖണ്ഡം 15 ഉപഖണ്ഡം (1)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂടി ചേർത്ത് ശേഷമുള്ളവ പുനഃക്രമീകരിക്കുക :

LIBRARY ARCHIVES Kerala Legislative Assembly

(2) ഈ ആക്ട് നടപ്പിൽവരുന്ന സമയത്ത് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സംഘടനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച. നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘടനകൾ അവയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം കമ്മിറ്റി മുൻപാകെ അപേക്ഷ ബോധിപ്പിക്കേണ്ടതും അപ്രകാരം ഉള്ള സംഘടനകൾക്ക് ഖണ്ഡം 15 (2) അനുസരിച്ചുള്ള വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നൽകാവുന്നതുമാണ്.

ശ്രീ. പി. ജെ. ജോയി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(403) ഖണ്ഡം (5) ഉപഖണ്ഡം 2-ൽ

1. "അപേക്ഷയും" എന്ന വാക്കിനുപകരം "അപേക്ഷയോടുംകൂടി" എന്ന് ചേർക്കേണ്ടതാണ്.

2. "ചട്ടങ്ങളോ ബൈലാകളോ അതും" എന്ന വാക്കുകൾക്ക് പകരം 'ചട്ടങ്ങളുടേയോ ബൈലാകളുടേയോ പകർപ്പും' എന്ന് ചേർക്കേണ്ടതാണ്.

3. "അങ്ങനെയുള്ള" എന്ന വാക്കിനുപകരം "ഓരോ അംഗത്തെയും അപ്പോൾ ഉദ്യോഗത്തിന് നിയമിച്ചിട്ടുള്ള അഭിഭാഷകന്റെ പേര്, മേൽവിലാസം, അദ്ദേഹം അഭിഭാഷകവൃത്തി നടത്തുന്ന സ്ഥലം" എന്ന് ചേർക്കേണ്ടതാണ്.

4. 'എന്നിവയോടുകൂടിയ ഒരു ലിസ്റ്റിനോടൊപ്പം ആയിരിക്കേണ്ടതാണ്' എന്നീ വാക്കുകൾക്ക് പകരം "എന്നീ വിവരങ്ങളും ചേർത്തിരിക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(410) ഖണ്ഡം 15 ഉപഖണ്ഡം (3)-ൽ "അങ്ങനെയുള്ള" എന്നത് "ഒഴിവാക്കുകയും ചെയ്യാവുന്നത്" എന്നതിനുപകരം "ചെയ്യേണ്ടതാണ്" എന്ന് ചേർക്കുകയും ചെയ്യുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(411) 15-ാം ഖണ്ഡം (4)-ാം ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

(5) "ഓരോ അസോസിയേഷനും ഫണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസായി ഇരുന്നൂറ്റിഅൻപത് രൂപ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രജിസ്ട്രേഷൻ സമയത്ത് കൊടുക്കേണ്ടതാണ്". ഓരോ അസോസിയേഷനും ഫണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസായി 250 രൂപ നിർണ്ണയിക്കാവുന്നതാണ് എന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെയധികം അസോസിയേഷനുകളുണ്ട്. നിരവധി അസോസിയേഷനുകൾക്ക് നിരവധി രീതിയിലാണ് ഇതിനുമുമ്പുള്ള രജിസ്ട്രേഷനൊക്കെ. ഈ നിയമം വന്നുകഴിഞ്ഞാൽ ഒരു മോഡൽ രജിസ്ട്രേഷനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ :ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 402-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(412) ഖണ്ഡം 16 (1)-ൽ "ഏപ്രിൽ 15-ാം തീയതിയോ" എന്നതിനു പകരം "ഏപ്രിൽ 30-ാം തീയതിയോ" എന്ന് ചേർക്കുക.

ശ്രീ. പി. ജെ. ജോയി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(414) ഖണ്ഡം 16 (1)-ൽ, (1) "ഏപ്രിൽ" എന്നതിനുപകരം "ജൂൺ" എന്ന് ചേർക്കുക.

(2) "മാർച്ച് 31-ാം" എന്നതിനുപകരം "ഏപ്രിൽ 1-ാം" എന്ന് ചേർക്കുക.

(3) "ഒരു ലിസ്റ്റ് കമ്മിറ്റിയെ അറിയിക്കേണ്ടതാണ്" എന്നതിനുപകരം "വിവരങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിൽ കമ്മിറ്റിക്കു നൽകേണ്ടതാണ്" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(415) ഖണ്ഡം 16 (2) (എ)യിൽ, (1) "അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനിലുള്ള" എന്നതിനുശേഷം "അതിന്റെ" എന്നുചേർക്കുക.

(2) "ഭാരവാഹികളുടെ" എന്നതിനുശേഷം "കാര്യത്തിലേക്കുള്ള" എന്നുചേർക്കുക.

(3) "അങ്ങനെയുള്ള മാറ്റം" എന്നതിനുപകരം "ആ മാറ്റം വന്ന തീയതി" എന്ന് ചേർക്കുക.

(416) ഖണ്ഡം 16 (2) (ബി)യിൽ "പ്രവേശനവും പുനഃപ്രവേശനവും, ഉൾപ്പെടെ" എന്നതിനുപകരം "അതിലെ" എന്നുചേർക്കുക.

"അങ്ങനെ മാറ്റമുണ്ടായി" എന്നതിനുപകരം "ആ മാറ്റമുണ്ടായ തീയതി മുതൽ" എന്നുചേർക്കുക.

(417) ഖണ്ഡം 16 (2) (സി) ഒഴിവാക്കുക.

ശ്രീ. എം. എ. വാഹീദ് : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(418) ഖണ്ഡം 16 (2) (സി) യിൽ "മുപ്പത് ദിവസങ്ങൾക്കുള്ളിലും" എന്നതിനുപകരം "നാല്പത്തഞ്ച് ദിവസങ്ങൾക്കുള്ളിലും" എന്നുചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(420) ഖണ്ഡം 16 (2) (ഡി)യ്ക്കുശേഷം "കമ്മിറ്റിയെ" എന്നതിനും "അറിയിക്കേണ്ടതാണ്" എന്നതിനും ഇടയിൽ "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

എന്റെ ഭേദഗതി അതാത് സമയങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് സംഗതികളും കമ്മിറ്റിയെ അറിയിക്കേണ്ടതാണ് എന്നാണ്. അത് രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലെങ്കിൽ അറിഞ്ഞു, അറിഞ്ഞില്ല എന്നൊക്കെ തർക്കം വരും. രേഖാമൂലം എന്ന ഒരു കാര്യം അതിൽ ചേർക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(421) ഖണ്ഡം 16 (2)-നു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(3) "ഓരോ അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനും കമ്മിറ്റി ആവശ്യപ്പെടുന്നപക്ഷം അതിന്റെ അംഗങ്ങൾ ഫണ്ടിലേക്ക് അടക്കേണ്ട വരിസംഖ്യ നിർണ്ണയിക്കപ്പെട്ട രീതിയിൽ പിരിച്ച് അടക്കേണ്ടതാണ്."

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 415, 416, 417 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ക്ലാസ്സ്-2 വന്നപ്പോൾ ഒരു അമെൻഡ്മെന്റ് മൂവ് ചെയ്തിരുന്നു. അപ്പോൾ ഞാൻ പതിനേഴാം വകുപ്പ് ചർച്ചയ്ക്ക് വരുമ്പോൾ സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുകയാണ്.

(501) 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :-

"എന്നാൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ സർവ്വീസിൽനിന്ന് ഏതെങ്കിലും റിട്ടയർമെന്റ് ആനുകൂല്യങ്ങളോടുകൂടി വിരമിച്ചശേഷം അഡ്വക്കേറ്റ് ക്ലാർക്കായി ഉദ്യോഗം വഹിക്കുന്ന യാതൊരാൾക്കും, ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല."

ശ്രീ. എം. വി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(422) ഖണ്ഡം 17 (1) ൽ "അഡ്വക്കേറ്റ് ക്ളർക്കും" എന്നതിനുശേഷം "അയാൾ പ്രതിനിധാനം ചെയ്യുന്നതും 15-ാം വകുപ്പ് അനുസരിച്ച് അംഗീകാരമുള്ളതുമായ സംഘടനയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(450) ഖണ്ഡം 17 (5)-ൽ താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക. "എന്നാൽ ഫണ്ടിലേക്ക് പുതുതായി ചേരുന്ന ഒരംഗം ചേരുന്ന മാസം മുതൽ ജൂൺ മാസം വരെയുള്ള മാസങ്ങൾ കണക്കാക്കി വാർഷിക വരിസംഖ്യ ആനുപാതികമായി നൽകിയാൽ മതിയാകും."

ഈ സംഘടനാ സാക്ഷ്യപ്പെടുത്തലോടുകൂടി അപേക്ഷ നൽകണമെന്നുള്ളതാണ് എന്റെ 422-ാം ഭേദഗതി. 450-ൽ പറയുന്നത് ഇപ്പോൾ ഒരു തവണ, ജൂൺ മാസം വരെയുള്ള തുക കണക്കാക്കിക്കൊടുക്കണം എന്നുള്ളതാണ്. അതിൽ എന്തെങ്കിലും പ്രയാസം ഈ അപേക്ഷകന് ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായിട്ടുള്ള മാറ്റം വരുത്തിക്കൊടുക്കണമെന്നുള്ളതാണ്.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(423) ഖണ്ഡം 17 (1)-ൽ "അങ്ങനെയുള്ള" എന്നതിനുപകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

(467) ഖണ്ഡം 17 (8)-ൽ "നോമിനേഷൻ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫാറത്തിൽ" എന്നുകൂടി ചേർക്കുക.

467-നെ സംബന്ധിച്ച് ചെറിയൊരു വിശദീകരണം ഉണ്ട്. മരണം സംഭവിച്ചാൽ തുക സ്വീകരിക്കുന്നതിനുള്ള അവകാശങ്ങളെ സംബന്ധിച്ചതാണിത്. ഇതിൽ തുക സ്വീകരിക്കുന്നതിനുള്ള അവകാശം ഒന്നോ അതിലധികമോ ആശ്രിതർക്ക് നല്കിക്കൊണ്ടുള്ള ഒരു നോമിനേഷൻ കൊടുക്കേണ്ടതാണ് എന്നേ പറഞ്ഞിട്ടുള്ളൂ. നോമിനേഷൻ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആയിരിക്കണം. ഓരോരുത്തരും ഓരോ തരത്തിലുള്ള നോമിനേഷനായിരിക്കുമല്ലോ കൊടുക്കുന്നത്. ആ നിലയ്ക്ക് നോമിനേഷൻ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ കൊടുക്കണമെന്ന് ചേർക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(424) ഖണ്ഡം 17 (1)-ൽ താഴെപ്പറയുന്നപ്രകാരം ഭേദഗതി ചെയ്യുക.

"സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിന് അയാൾ പ്രതിനിധാനം ചെയ്യുന്നതും 15-ാം ഖണ്ഡം അനുസരിച്ച് അംഗീകാരം ഉള്ളതുമായ സംഘടനയുടെ ഔദ്യോഗിക ഭാരവാഹിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി അപേക്ഷിക്കേണ്ടതാകുന്നു എന്നൊരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(426) ഖണ്ഡം 17(2) -ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനയോടുകൂടി ചേർക്കുക.

"എന്നാൽ അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നപക്ഷം അതുമൂലം സങ്കടമനുഭവിക്കുന്ന ആർക്കും ഗവൺമെന്റിന് അപ്പീൽ നൽകാവുന്നതാണ്."

സർ, ഇതിൽ അംഗമാകാൻ ഒരപേക്ഷകൻ അപേക്ഷ നൽകി. ആ അപേക്ഷ തള്ളുകയും ചെയ്തു. നാച്വറൽ ജസ്റ്റിസ് ആ അപേക്ഷകന് കിട്ടുന്നില്ല. അപേക്ഷകന് അപ്പീൽ നൽകാനുള്ള സൗകര്യം വേണം. അപ്പീൽ സൗകര്യത്തിനുള്ള പ്രൊവിഷൻ കൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ടി. കെ. ബാലൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(427) ഖണ്ഡം 17 (3)-ൽ "നൂറ് രൂപ" എന്നതിനു പകരം "ഇരുപത് രൂപ" എന്ന് ചേർക്കുക.

പുതിയ സ്കീമിലേക്കുള്ള അഡ്മിഷൻ ഫീസ് 100 ഉറുപ്പികയാണ്. ഇത് കുറച്ച് അധികമാണ്. ഇത് 20 രൂപയാക്കണം. അല്ലെങ്കിൽ ഈ ഭാരം കൃഷികളുടെ കൈയിൽ തന്നെ എത്തുന്നതാണ്.

ശ്രീ. എം. മുരളി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(428) ഖണ്ഡം 17 (3)-ൽ "നൂറ് രൂപ" എന്നതിനു പകരം "ഇരുപത്തിയഞ്ച് രൂപ" എന്ന് ചേർക്കുകയും "അങ്ങനെയുള്ള" എന്നത് നീക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. പി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(430) ഖണ്ഡം 17 ഉപഖണ്ഡം (3) ൽ "നൂറ് രൂപ" എന്നതിനു പകരം "അൻപത് രൂപ " എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(434) 17-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിൽ "അപേക്ഷാ ഫീസായി നൂറ് രൂപ" എന്ന വാക്കുകൾക്കു പകരം "അപേക്ഷാ ഫീസായി ഇരുന്നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

അഡ്മിഷൻ ഫീസിന്റെ കാര്യം ഇവിടെ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമാണ്. അഡ്മിഷൻ ഫീസ് എന്നു പറഞ്ഞാൽ ഒരൊറ്റ പ്രാവശ്യം മാത്രമേ കൊടുക്കേണ്ടി വരികയുള്ളു. നൂറ് രൂപ എന്നത് ഇരുന്നൂറ് രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്. അവർക്കുപോലും സമ്മതമാണ്. അവരുടെ ഫണ്ടിലേക്ക് വരുന്ന പണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(437) ഖണ്ഡം 17 (4)-ൽ "ഇരുന്നൂറ്റി അൻപത് രൂപ" എന്നതിനുപകരം "നൂറ്റി അൻപതു രൂപ" എന്ന് ചേർക്കണം.

(462) ഖണ്ഡം 17(7)-ൽ "പന്ത്രണ്ട് ശതമാനം" എന്നതിനു പകരം "ഏഴ് ശതമാനം" എന്ന് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(438) ഖണ്ഡം 17 (4)-ൽ "ഇരുന്നൂറ്റി അൻപത്" എന്നതിനു പകരം "ഇരുന്നൂറ് രൂപ" എന്ന് ചേർക്കുക.

(464) ഖണ്ഡം 17 (7)-ൽ "വർഷത്തിൽ പന്ത്രണ്ട് ശതമാനം പലിശയോടുകൂടി" എന്നതിനു പകരം "ഇരുപതു രൂപ ഫൈനോടുകൂടി" എന്ന് ചേർക്കുക.

അഡ്മിഷൻ ഫീസ് 250 രൂപ എന്നാണ് പറയുന്നത്. അഡ്മിഷൻ ഫീസ് നൂറ് രൂപയാക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി. അതേരൂപത്തിൽ 464-ൽ ഒരിക്കൽ ചേർന്ന അംഗത്വം നഷ്ടമായാൽ രണ്ടാമതു ചേരുന്നതിനുവേണ്ടി 12% പലിശയോടു കൂടി തിരിച്ച് അടയ്ക്കണമെന്നാണ്. ആ പലിശ 20 രൂപ ഫൈനോടുകൂടി എന്ന് ആക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എന്റെ ഭേദഗതി അഡ്മിഷൻ ഫീസ് കുറയ്ക്കണമെന്നുള്ളതായിരുന്നു. പക്ഷെ അവരുടെ സംഘടനപോലും ആവശ്യപ്പെടാത്ത സ്ഥിതിക്ക് ഞാൻ അത് മൂവ് ചെയ്യുന്നില്ല.

ശ്രീ. മത്തായി ചാക്കോ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(445) ഖണ്ഡം 17 (5) ൽ "ഇരുന്നൂറ് രൂപ" എന്നതിനു പകരം "നൂറ്റി ഇരുപത് രൂപ" എന്ന് ചേർക്കുക.

വാർഷിക വരിസംഖ്യയായി 200 രൂപ എന്നാണ് വച്ചിരുന്നത്. വികസന വരി സംഖ്യക്ക് ഒരു മാനദണ്ഡം വേണമല്ലോ. മാസത്തിൽ 10 രൂപ വച്ച് കണക്കാക്കി അത് 120 രൂപയാക്കി ഉയർത്തേണ്ടതാണ്. 200 രൂപ എന്നു പറഞ്ഞാൽ എന്താണ് മാനദണ്ഡം ?

ശ്രീ. വി. ഡി. സതീശൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(452) ഖണ്ഡം 17 (6) ൽ "ഒരു വർഷത്തെ" എന്നതിനു പകരം "മൂന്ന് വർഷത്തെ" എന്നും "ആ വർഷം ജൂൺ 30-ാം തീയതിക്ക് മുൻപ്" എന്നതിനു പകരം "തുടർച്ചയായി" എന്നും ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(453) ഖണ്ഡം 17 (6) ൽ "ഒരു വർഷത്തെ വാർഷിക വരിസംഖ്യ" എന്നീ വാക്കുകൾക്ക് പകരം "രണ്ട് വർഷത്തെ വാർഷിക വരിസംഖ്യ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(459) ഖണ്ഡം 17 (6)- ന് താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഇപ്രകാരം നീക്കം ചെയ്യുന്നതിന് മുമ്പ് അംഗത്തിന്റെ വിശദീകരണം തേടേണ്ടതും കുടിശ്ശിക അടയ്ക്കുന്നതിന് അവസരം നൽകേണ്ടതുമാണ്"

ഇതിലെ അംഗങ്ങൾക്ക് സാമൂഹ്യ നീതി കിട്ടേണ്ട പ്രശ്നമാണ്. അംഗത്വം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ക്ളിപ്ത നിബന്ധന വേണം എന്നുള്ള ഭേദഗതിയാണ് ഞാൻ ഇതിൽ ചേർക്കണമെന്ന് നിർദ്ദേശിക്കുന്നത്. എന്നാൽ ഇപ്രകാരം ചെയ്യുന്നതിനു മുമ്പ് അംഗത്തിന്റെ വിശദീകരണം തേടേണ്ടതും, കുടിശ്ശിക അടയ്ക്കുന്നതിന് അവസരം നൽകേണ്ടതുമാകുന്നു. ഈ ഭേദഗതി അംഗീകരിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(460) ഖണ്ഡം- 17 (7)-ൽ "ആറുമാസത്തിനകം" എന്നതിന് പകരം "ഒരു വർഷത്തിനകം" എന്നു ചേർക്കുക.

ശ്രീ. പി. ടി. തോമസ് : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(461) ഖണ്ഡം 17 (7)-ൽ "വർഷത്തിൽ" എന്നത് നീക്കം ചെയ്യുക.

ശ്രീ. തമ്പാനൂർ രവി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(463) ഖണ്ഡം 17 (7)-ൽ മൂന്നാം വരിയിൽ "പന്ത്രണ്ട്" എന്നതിന് പകരം "ഒൻപത്" എന്ന് ചേർക്കുക.

ഇവിടെ പറഞ്ഞ വാർഷിക വരിസംഖ്യ ഇത്രയും വേണ്ട എന്ന അഭിപ്രായമാണ്.

ശ്രീ. എ. കെ. ബാലൻ : കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നോ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ പെൻഷൻ പറ്റി പിരിഞ്ഞശേഷം പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്ക്മാർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നൽകാൻ പാടില്ലാത്തതാണ്. അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ, ഇത് പ്രോപ്പർ അല്ലല്ലോ. എന്റെ ഭേദഗതി 470 ആണ്. അത് സ്വീകരിക്കാമല്ലോ. നേരത്തെ റൂളിംഗ് ഉള്ളതാണ്. ഇതിപ്പോൾ 501-ാം നമ്പറായിട്ട് സ്വീകരിച്ചതായി സർക്കുലർ വന്നിട്ടുണ്ട്. ശ്രീ. തോമസ് ഉണ്ണിയാടൻ ഇതുകൊണ്ടു വന്നിരുന്നതെങ്കിൽ സ്വീകരിച്ചിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയും. എ. കെ. ബാലന്റേത് ആയതുകൊണ്ട്.....

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി) : ബഹുമാനപ്പെട്ട ബാലൻ ഞാൻ സ്വീകരിച്ച ഭേദഗതികൾ ബഹുമാനപ്പെട്ട ഭൂരിപക്ഷവും പ്രതിപക്ഷത്തിന്റെതാണ്. ഇപ്പോൾ ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞതും ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുമായ നിലപാടാണ് ശരി. ആപ്ലിക്കേഷൻ ഫീസും അഡ്മിഷൻ ഫീസും കുറയ്ക്കണമെന്നായിരുന്നു ആദ്യം നമ്മുടെ മനസ്സിൽ ഉണ്ടായിരുന്നത്. അപ്പോൾ ക്ലാർക്കുമാരുടെ അസോസിയേഷൻ പറഞ്ഞു, ഞങ്ങൾക്ക് അതിൽ ബുദ്ധിമുട്ടില്ല, തുക ഇത്തിരി കൂട്ടി വച്ചോ കോർപ്പസ് ഇത്തിരി വലുതായിക്കോട്ടെ. ഞങ്ങൾക്ക് പെൻഷൻ തന്നാൽ മതിയെന്ന്. അതുകൊണ്ടാണ് പെൻഷൻ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നത്. അല്പം തുക കൂട്ടാൻ അവർ തയ്യാറാണ്. അതുകൊണ്ട് കുറയ്ക്കണമെന്നുള്ള ഭേദഗതി സ്വീകരിക്കുന്നില്ല. ശ്രീ. വി. ബാലറാം അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. അപേക്ഷ നിരസിച്ചാൽ ഒരപ്പീലിനുള്ള പ്രൊവിഷൻ കൂടും. അതുകൊണ്ട് ആ ഭേദഗതി നല്ലതാണ്. അത് സ്വീകാര്യമാണ്.

ശ്രീ. എ. കെ. ബാലൻ : സർ, 17-ാം വകുപ്പിന് 17-ാം ഖണ്ഡത്തിൽ ഒന്നാം ഉപഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാന സർക്കാരിന്റേയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റേയോ സർവ്വീസിൽനിന്ന് ഏതെങ്കിലും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ .....

മി. സ്പീക്കർ : അദ്ദേഹം അംഗീകരിച്ചില്ലല്ലോ. എനിക്ക് എന്തു ചെയ്യാനൊക്കും ?

ശ്രീ. എ. കെ. ബാലൻ : മന്ത്രി അംഗീകരിച്ചല്ലോ. എന്നിട്ട് നോട്ടീസിൽ വരാത്തതെന്താണ്.

മി. സ്പീക്കർ : ഏത് നോട്ടീസ് ?

ശ്രീ. എ. കെ. ബാലൻ : ശ്രീ. കെ.എം. മാണി, (501) 17-ാം ഖണ്ഡം 1-ാം ഉപ ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന അനുബന്ധം ചേർക്കേണ്ടതാണ്.

ശ്രീ. കെ. എം. മാണി : ശ്രീ. കോടിയേരിയുടെ അമെന്റ്മെന്റ് എന്നു പറഞ്ഞ് ഓറൽ അമെന്റ്മെന്റ് കൊണ്ടുവന്നു. ഓറൽ അമെന്റ്മെന്റ് കൊണ്ടുവന്ന് സ്വീകരിച്ചിട്ട് രണ്ടാമത് വേറൊരു അമെന്റ്മെന്റ് ഉണ്ടോ ?

മി. സ്പീക്കർ : റവന്യൂവും നിയമവും വകുപ്പുമന്ത്രി അവതരിപ്പിച്ച 501-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി. ബാലറാം അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 422, 450 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 423, 467 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 437, 462 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 438, 464 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച് 459-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 463-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

18-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(472) ഖണ്ഡം 18(1)-ൽ 'തുകയും' എന്ന വാക്കിനും 'പെൻഷനും' എന്ന വാക്കിനും ഇടയിലായി 'പ്രതിമാസ' എന്ന വാക്ക് ചേർക്കുക. പല ട്രാൻസാക്ഷനും മാസത്തിലൊരിക്കലാണ്. അപ്പോൾ പ്രതിമാസം എന്നുള്ള വാക്കുകൂടി ചേർത്താൽ സ്പെസിഫിക്കാകും.

ശ്രീ. എം. വി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(473) ഖണ്ഡം 18(1)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക :

എന്നാൽ ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന നിരക്കുകൾ താഴെ കൊടുത്തിട്ടുള്ള നിരക്കുകളിൽ കുറയാൻ പാടില്ലാത്തതാകുന്നു.

തൊഴിൽ ചെയ്ത വർഷം		സഞ്ചിത തുക
1.	5 വർഷം വരെ	വർഷം ഒന്നിന് 2,000 രൂപ
2.	6-10	10,000 രൂപയും 5 വർഷത്തിന് മുകളിൽ ഓരോ വർഷത്തിനും 3,000 രൂപയും
3.	11-20	30,000 രൂപയും 10 വർഷത്തിനു മുകളിൽ ഓരോ വർഷത്തിനും 5,000 രൂപയും
4.	20-ന് മുകളിൽ	1 ലക്ഷം രൂപയും 20-ന് മുകളിലുള്ള ഓരോ വർഷത്തിനും 4,000 രൂപയും

(474) ഖണ്ഡം 18(2)-ൽ 'സംഭവിക്കുമ്പോൾ' എന്ന വാക്കിനും 'നിർണ്ണയിക്കപ്പെടാവുന്ന' എന്ന വാക്കിനും ഇടയ്ക്ക് '1,00,000-ൽ കുറയാതെ' എന്ന വാക്ക് ചേർക്കുക

473-ൽ തൊഴിൽ അവസാനിച്ചു കഴിഞ്ഞാൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതു സംബന്ധിച്ചാണ്. ഇപ്പോഴുള്ളത് സഞ്ചിത തുകയും പെൻഷനും ഫണ്ടിൽ നിന്ന് നല്കാൻ അർഹതയുണ്ടായി എന്നുമാത്രമാണ്. അത് കാറ്റഗറി തിരിച്ച് ആനുകൂല്യം കൊടുക്കണം. 5 വർഷം വരെ ഒന്നിന് 2,000 രൂപ നിരക്കിൽ പിന്നീട് 5 വർഷം വരെ നിശ്ചിത തുക. അതിന് ഞാൻ ഒരു സ്ലാബ് തന്നെ പറഞ്ഞിട്ടുണ്ട്. 20 വർഷം വരെ ഒരു നിശ്ചിത തുക 20 വർഷത്തിനു മുകളിൽ ഒരു നിശ്ചിത തുക എന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ അത് സ്ലാബ് തിരിച്ച് നമ്മൾ ഈ ആക്ടിൽ തന്നെ കൊണ്ടുവരണം. മരണപ്പെട്ടുകഴിഞ്ഞാൽ അവരുടെ ആശ്രിതർക്ക് നല്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചാണ് 474. അത് 18(2)-ന്റെ അവസാന ഭാഗത്ത് ഒരു ലക്ഷത്തിൽ കുറയാത്ത തുക നല്കുന്നതാണ് എന്ന് പറഞ്ഞുകൊണ്ടുള്ള ഭേദഗതിയാണ്. ഇത് അംഗീകരിക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(475) ഖണ്ഡം 18(3)-ൽ 'അഞ്ച്' എന്ന വാക്കിനുപകരം 'രണ്ട്' എന്ന് ചേർക്കുക.

(482) ഖണ്ഡം 18(4)-ൽ 'നാല് വർഷത്തെ' എന്നുള്ളതിനുപകരം 'മൂന്നു വർഷത്തെ' എന്ന് ചേർക്കുക.

5 വർഷം എന്നതിനുപകരം രണ്ടു വർഷം എന്ന് ചേർക്കണം. മറ്റൊന്ന് നാല് വർഷമെന്ന് പറയുന്നത് മൂന്നു വർഷത്തെ എന്നാക്കുക.

ശ്രീ. മത്തായി ചാക്കോ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(476) ഖണ്ഡം 18(3)-ൽ 'അഞ്ച്' എന്നതിന് പകരം 'മൂന്ന്' എന്ന് ചേർക്കുക.

(479) ഖണ്ഡം 18(4)-ൽ 'നാലു വർഷത്തെ' എന്നതിന് പകരം 'രണ്ട് വർഷത്തെ' എന്ന് ചേർക്കുക. 18(4)-ൽ പറയുന്നത് ഈ ആക്ടിൻ കീഴിൽ പണം കൊടുക്കുന്നതിനുവേണ്ടി പൂർത്തിയായ തൊഴിൽ വർഷങ്ങൾ കണക്കാക്കി ഫണ്ടിൽ അംഗമായി പ്രവേശിപ്പിക്കുന്നതിനു മുമ്പ് അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ ചെയ്തിരുന്നപക്ഷം ഓരോ നാലു വർഷത്തെ തൊഴിലിനേയും ഒരു വർഷത്തെ തൊഴിലായി കണക്കാക്കിയിട്ടുള്ളതും അങ്ങനെയുള്ള പ്രവേശനത്തിനുശേഷം അത് തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണത്തോട് കൂട്ടേണ്ടതുമാണ്. അവർ എല്ലാ മെമ്പർമാർക്കും കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിൽ രണ്ട് സംഘടനകളാണ് ഉള്ളത്. രണ്ടു സംഘടനകളും ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ളത് നാല് വർഷം എന്നുള്ളത് രണ്ട് വർഷമായി ചുരുക്കണമെന്നുള്ളതാണ്. മുമ്പ് നമ്മൾ അഡ്വക്കേറ്റ്സ് ആക്ട് പാസ്സാക്കിയപ്പോഴും അതിനു മുമ്പുള്ള സർവ്വീസിൽ രണ്ടു വർഷമായി ചുരുക്കി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ക്ലാർക്കുമാരുടെ ഈ കാര്യം.....

മി. സ്പീക്കർ : നിവേദനത്തിൽ പറഞ്ഞിട്ടുണ്ട് എന്നു കരുതി മാത്രം നമ്മൾ അംഗീകരിക്കണമെന്നില്ല.

ശ്രീ. മത്തായി ചാക്കോ : അവർ ഡിമാന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നിവേദനത്തിൽ പറഞ്ഞ അവരുടെ എല്ലാ ആവശ്യങ്ങളും സാധിച്ചുകൊടുക്കാൻ പറ്റുമോ ?

ശ്രീ. മത്തായി ചാക്കോ : വേണ്ട, എല്ലാം വേണ്ട. ഇത് genuine ആയിട്ട് അവർ ആവശ്യപ്പെട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഇന്നലെ അനുകൂലമായ നിലപാട് ആദ്യം എടുത്തിരുന്നു. അവർ പൊതുവിൽ അത് ആവശ്യപ്പെട്ടിട്ടുണ്ട്. വേറെ അപകടമൊന്നും ഇതിൽ ഉണ്ടാകാൻ പോകുന്നില്ല. സഞ്ചിതനിധി ഏഴ് കോടി രൂപയോ 12 കോടി രൂപയോ ആയി വർദ്ധിക്കും. അതുകൊണ്ട് ഇത് അനുവദിക്കാനുള്ള സൗമനസ്യം കാണിക്കണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(478) ഖണ്ഡം 18(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ 'പിൻവലിക്കാവുന്നതാണ്' എന്നതിന് പകരം 'പിൻവലിക്കാവുന്നതും അയാൾക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം സഞ്ചിത തുകയ്ക്കും പെൻഷനും അർഹതയുണ്ടായിരിക്കുന്നതുമാണ്' എന്ന് ചേർക്കുക.

(487) ഖണ്ഡം 18(5)-ൽ 'അങ്ങനെയുള്ള' എന്നതിനു പകരം 'പ്രകാരമുള്ള' എന്ന് ചേർക്കുക.

(488) ഖണ്ഡം 18(6)-ൽ 'അങ്ങനെയുള്ള' എന്നതിനുപകരം 'പ്രകാരമുള്ള' എന്ന് ചേർക്കുക.

478-നെപ്പറ്റി ഒരു ചെറിയ വിശദീകരണം ഉണ്ട്. സ്ഥിരമായി അംഗമായാൽ 6 വർഷത്തിനുള്ളിൽ അയാളുടെ അംഗത്വം പിൻവലിക്കാമെന്ന് പ്രൊവൈസോയിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അയാൾ അടച്ചിട്ടുള്ള തുകയും പെൻഷനും അയാൾക്ക് കൊടുക്കണം. ഇപ്പോഴത്തെ വ്യവസ്ഥ കണ്ടാലും മുഴുവൻ തുക അടയ്ക്കുന്നവർക്കേ കിട്ടുകയുള്ളു എന്നാണ് ഒരു ധാരണ വരുന്നത്. അത് തനിപിടി പിടിക്കുന്നതുപോലെയാണ്. എല്ലാ പേർക്കും തനിപിടി.....

ശ്രീ. എ. കെ. ബാലൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(485) ഖണ്ഡം 18(4)-ൽ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

ഖണ്ഡം 17 ഉപഖണ്ഡം (12) അനുസരിച്ചുള്ള അംഗങ്ങൾക്ക് ക്ഷേമനിധിയിൽ അംഗമായ തീയതി മുതൽ ഓരോ വർഷത്തേയും സർവ്വീസ് കണക്കാക്കുന്നതും പദ്ധതിയിൽ അംഗമാകുന്നതിനു മുമ്പുള്ള കാലാവധി ജോലി ചെയ്ത 3 വർഷം ഒരു വർഷമായി കണക്കാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(489) ഖണ്ഡം 18(6)-ന് ശേഷം താഴെപ്പറയുന്ന പുതിയ ഉപഖണ്ഡം ചേർക്കുക.

(7) "ഈ ഫണ്ടിൽ അംഗമായശേഷം ഒരു മെമ്പർ മരിച്ചു പോയാൽ സർവ്വീസ് കണക്കാക്കാതെ ഈ നിയമമനുസരിച്ചുള്ള പരമാവധി തുക കിട്ടുന്നതിന് അംഗത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ കാലാവധി കണക്കാക്കാതെ ടി തുകയുടെ പകുതി ലഭിക്കാൻ അർഹതയുള്ളതും ആയതിനു ശേഷം ഈ പദ്ധതി പ്രകാരം പുതുതായി ഏതെങ്കിലും പെൻഷൻ പദ്ധതി ആരംഭിക്കുന്ന പക്ഷം ടി അംഗത്തിന് ആ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്" എന്ന് കൂടി ഉൾപ്പെടുത്തേണ്ടതാകുന്നു.

489-ാം നമ്പർ ഭേദഗതിയിൽ ഈ പദ്ധതിയിൽ അംഗമാകുന്നതിനു മുമ്പുള്ള കാലാവധി എന്നാണ് പറഞ്ഞത്. അപ്പോൾ സർവ്വീസ് ഏതാണ്ട് വല്ലാതെ കുറയും. 3 വർഷത്തിൽ ഒരു വർഷം എന്നുള്ള രൂപത്തിൽ കണക്കാക്കണം.

ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(486) ഖണ്ഡം 18(4)-ന് ശേഷം താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമ പദ്ധതിയിൽ അംഗമായി തുടർന്നുപോരുന്ന ഒരാളുടെ ഓരോ വർഷത്തെ സർവ്വീസും ഫണ്ടിലെ ഒരു വർഷത്തെ സർവ്വീസ് ആയി കണക്കാക്കേണ്ടതാണ്."

ശ്രീ. പി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(490) ഖണ്ഡം 18(6)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

(7) "ഒരംഗത്തിന് സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയും തന്മൂലം ജോലി തുടരാൻ കഴിയാതെ വരികയും ചെയ്താൽ നിർണ്ണയിക്കപ്പെടാവുന്ന ഒരു സഞ്ചിത തുക അയാൾക്ക് നൽകേണ്ടതാണ്" സ്ഥിരമായിട്ട് അംഗവൈകല്യം സംഭവിച്ചുകഴിഞ്ഞാൽ ജോലി തുടരാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് നിർണ്ണയിക്കപ്പെടാവുന്ന ഒരു സഞ്ചിതതുക നൽകണം എന്നുള്ളതാണ്. വളരെ ശരിയായിട്ടുള്ള ഭേദഗതിയാണ്. അത് അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഈ നിയമം വളരെ ഭംഗിയാക്കണമെന്നുള്ള ഉദ്ദേശമാണുള്ളത്. അതുകൊണ്ട് ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 479 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 473, 474 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 475, 482 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 478, 487, 488 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 485, 489 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതി സഭ നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(491) ക്ലോസ് 20-ൽ

(i) സൈഡ് ഹെഡിംഗിൽ നിന്നും ലൈഫ് എന്ന പദം നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(ii) (എ) ഖണ്ഡത്തിൽ 'ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ' എന്നതിനു പകരം 'ഇന്ത്യാ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ' എന്നു ചേർക്കുകയും 'ജീവന്' എന്നതിനു പകരം 'പേർക്ക്' എന്നും 'ഇൻഷ്വറൻസ് കമ്പനിയിൽ നിന്നോ' എന്നതിനുപകരം 'ഇൻഷ്വറൻസ് സ്ഥാപനത്തിൽ നിന്നോ' എന്നും ചേർക്കുക.

(iii) (ബി) ഖണ്ഡത്തിൽ 'അങ്ങനെയുള്ള' എന്നതിനുപകരം 'പ്രകാരമുള്ള' എന്നു ചേർക്കുക

(iv) ക്ലിപ്ത നിബന്ധനയിൽ 'സ്കീമും' എന്നതിനു പകരം 'സ്കീമിനും' എന്നും 'കമ്മിറ്റി' എന്നതിനു പകരം 'കമ്മിറ്റിക്ക്' എന്നും ചേർക്കുക

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(492) ഖണ്ഡം 20(എ) യിൽ 'അംഗീകൃത' എന്നതിനുപകരം 'ദേശസാൽകൃത' എന്ന വാക്ക് ചേർക്കുക.

(493) ഖണ്ഡം 20(ബി)യിൽ 'ചികിൽസയ്ക്കും' എന്ന വാക്കിനുശേഷം 'ആശ്രിതർക്ക് മരണാനന്തര സഹായത്തിനും' എന്നു ചേർക്കുക.

493-നെ സംബന്ധിച്ച് പറയാം. ആളുകൾ മരിക്കാൻ സാദ്ധ്യതയുണ്ടല്ലോ. മരണാനന്തര ചെലവിനായി ആശ്രിതർക്ക് എന്തെങ്കിലും സഹായം ചെയ്യണമെന്നാണ് എന്റെ ഭേദഗതി. അത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതിയിലെ ഫണ്ടിലെ അംഗങ്ങളുടെ 'ജീവന്' എന്നതിനുപകരം അംഗങ്ങളുടെ 'പേർക്ക്' എന്നു മാറ്റണമെന്നുള്ളത് സ്വീകാര്യമാണ്. അത് വളരെ ലോജിക്കലാണ്. ഇത് ട്രാൻസിലേഷനാണ്. ഇംഗ്ലീഷിൽ നിന്ന് ട്രാൻസിലേറ്റ് ചെയ്തപ്പോൾ വന്ന പിശകാണ്. അത് തിരുത്തുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച് 491-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 492, 493 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

21-ാം വകുപ്പ്

മി. സ്പീക്കർ : 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(494) ഖണ്ഡം 22 ഉപഖണ്ഡം (2) നീക്കം ചെയ്യുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

23 മുതൽ 25 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ : 23 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

26-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(495) ഖണ്ഡം 26 താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

26 "നിലവിലുള്ള കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി പദ്ധതി ഫണ്ടിൽ ലയിപ്പിക്കൽ

കേരള അഡ്വക്കേറ്റ്സ് ക്ലാർക്സ് വെൽഫെയർ ഫണ്ട് സ്കീം 1985 ഈ ആക്ട് നിലവിൽവരുന്നതിനെ തുടർന്ന് രൂപീകരിക്കപ്പെടുന്ന ഫണ്ടിൽ ലയിക്കുന്നതും സ്കീമിലുള്ള മുഴുവൻ തുകയും ഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്."

1985-ലെ അഡ്വക്കേറ്റ്സ് ക്ലാർക്സ് ഫണ്ട് സ്കീം നിലവിലുണ്ട്. ഈ ആക്ട് വരുന്നതോടുകൂടി ഇപ്പോൾ രൂപീകരിക്കാൻ പോകുന്ന ഫണ്ടിൽ അത് ലയിപ്പിക്കണമെന്നുള്ളതാണ് ആവശ്യം. അതാണ് ഈ ഭേദഗതിയുടെ ഉദ്ദേശം.

ശ്രീ. എ. കെ. ബാലൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(496) ഖണ്ഡം 26 താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

'കേരള അഡ്വക്കേറ്റ് ക്ലാർക്സ് വെൽഫെയർ ഫണ്ട് സ്കീം ഈ ക്ഷേമനിധിയിൽ ലയിപ്പിച്ച് ആയതിന്റെ മുഴുവൻ ഫണ്ടും ഈ ക്ഷേമനിധിയിൽ മുതൽകൂട്ടേണ്ടതും ടി ഫണ്ടിനെ സംബന്ധിച്ചുള്ള മുഴുവൻ രേഖകളും ഇൻഷ്വറൻസ് ഡയറക്ടർ ക്ഷേമനിധി കമ്മിറ്റി നിലവിൽവന്ന് മൂന്ന് മാസത്തിനകം സ്റ്റേറ്റ്മെന്റ് സഹിതം കമ്മിറ്റിയെ ഏല്പിക്കേണ്ടതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഭേദഗതികൾ സ്വീകാര്യമല്ല. 1985-ലെ നിയമമനുസരിച്ചുള്ള പദ്ധതിയിൽ ഒരേസമയം നിന്നോട്ടെ, അതിന്റെ ഭരണം കൂടെ ഇവരെ ഏല്പിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. മത്തായി ചാക്കോ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(497) ഖണ്ഡം 27-ൽ 'ഇരുപത്' എന്നതിനുപകരം 'ഇരുപത്തി അഞ്ച്' എന്ന് ചേർക്കുക. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് 20 ശതമാനം എന്നുള്ളതാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അത് 25 ശതമാനമായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്. കോർട്ട് ഫീ സ്റ്റാമ്പും വ്യവഹാര സലയും ആക്ടിന്റെ ഭാഗമായിട്ട് വരുന്ന പണമാണ്. അത് 25 ശതമാനമായി വർദ്ധിപ്പിക്കണമെന്നുള്ളതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(499) ഖണ്ഡം 27-ൽ 'ഇരുപത് ശതമാനം' എന്നതിനുപകരം 'മുപ്പത് ശതമാനം' എന്ന് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(500) ഖണ്ഡം 27-ൽ 'ഇരുപത്' എന്നതിനുപകരം 'അൻപത്' എന്ന് ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ലീഗൽ ബെനിഫിറ്റ്സ് ഫണ്ട് എല്ലാംകൂടി ഇതിലെടുത്ത് ചെലവഴിക്കാൻ ഒക്കുകയില്ല. അഡ്വക്കേറ്റ്സ് ക്ഷേമനിധിക്ക് കുറെ എടുത്ത് ചെലവഴിക്കുന്നു. Court Fee and Suit Valuation Act 76 (2) അനുസരിച്ച് സ്ഥാപിച്ചിരിക്കുന്നത് ആ പ്രൊഫഷന്റെ സ്റ്റാൻഡേർഡ് അപ്ഗ്രേഡ് ചെയ്യാനും മറ്റെല്ലാ കാര്യങ്ങൾക്കും ഉദ്ദേശിച്ചു കൊണ്ടാണ്. അതുകൊണ്ട് വേറെ പല ഫങ്ഷൻസുമുണ്ട്. അത് 20 ശതമാനം തന്നെ മാക്സിമമാണ്. അത് കൂട്ടാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 500-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(91) തത്വപ്രഖ്യാപന വാക്യത്തിൽ 'ക്ഷേമത്തിനായി' എന്നതിനുശേഷം 'തൊഴിൽ സംരക്ഷണത്തിന്' എന്ന് ചേർക്കുക.

(94) പീഠികയിലെ 'ക്ഷേമനിധിയുടെ രൂപീകരണത്തിനും' എന്ന വാക്കുകൾക്കുശേഷം 'തൊഴിൽ സംരക്ഷണത്തിന്' എന്ന് ചേർക്കേണ്ടതാണ്.

(103) ഖണ്ഡം 1(2) താഴെപ്പറയുന്ന വിധം മാറ്റുക :

(2) ഗസറ്റ് വിജ്ഞാപനപ്രകാരം "3 മാസത്തിനുള്ളിൽ സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ഇതിൽ ക്ഷേമനിധി കൊണ്ടുവരുന്നത് അവരുടെ ക്ഷേമം മാത്രം ഉദ്ദേശിച്ചുകൊണ്ടല്ല. അവർക്ക് എന്തെങ്കിലും ബെനിഫിറ്റ് കൊടുക്കും. മാത്രമല്ല അടിസ്ഥാന തത്വത്തിൽ അവരുടെ തൊഴിൽ സംരക്ഷണം കൂടിയുണ്ട്. ക്ലാർക്കുമാരുടെ തൊഴിൽ സുരക്ഷിതത്വം കൂടെ കണ്ടുകൊണ്ട് ഇതുപോലുള്ള ക്ഷേമനിധി ആക്ടുകൾക്കൊക്കെ തൊഴിൽ സംരക്ഷണത്തിന്റെ വ്യവസ്ഥ വേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ തൊഴിൽസംരക്ഷണം കൂടി എന്ന് ഉദ്ദേശിക്കുന്നത്; അത് പീഠികയിലും തത്വപ്രഖ്യാപനത്തിലും വരണമെന്ന് പറയുന്നത്. 103-ാമത്തെ ഭേദഗതിയിൽ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഗസറ്റ് വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. അതിൽ ഒരു അവ്യക്തത നിലനിൽക്കുകയല്ലേ ? ഒരു ആക്ട് നമ്മൾ പാസ്സാക്കിക്കഴിഞ്ഞാൽ, ഗവർണ്ണറുടെ അസന്റ് കൂടി കിട്ടിക്കഴിഞ്ഞാൽ അത് എന്നു മുതൽ നടപ്പിലാക്കും എന്നതിനു വ്യക്തത വേണ്ടേ ? ഞാൻ അതിൽ നിർദ്ദേശിച്ചിരിക്കുന്നത് മൂന്നു മാസം എന്നുള്ളതാണ്. അത് ഉടൻ പ്രാബല്യത്തിൽ വരികയാണ്. നാലു വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത നിയമങ്ങൾ ഈ നിയമസഭ പാസ്സാക്കിയതിലുണ്ട്. അതുകൊണ്ട് ഇതിൽ വ്യക്തത വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(92) പീഠികയിൽ "അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിലേക്കു വേണ്ടി ഒരു ക്ഷേമനിധിയുടെ രൂപീകരണത്തിനും" എന്ന വാക്കുകൾക്ക് പകരം അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

പീഠികയിൽ അഡ്വക്കേറ്റ് ക്ലാർക്ക്സിന്റെ ക്ഷേമനിധിക്കുവേണ്ടി എന്നുപറയുമ്പോൾ പെൻഷൻകൂടി ഇതിനകത്ത് പൂർണ്ണമായും ഉദ്ദേശിക്കുന്നുണ്ട്. അതു പൂർണ്ണമായിട്ട് വരുത്താൻവേണ്ടി അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമത്തിനായി ക്ഷേമനിധി രൂപീകരിക്കുന്നതിനും അവർക്ക് പെൻഷൻ മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും വേണ്ടിയുള്ള ബില്ലാകുമ്പോൾ അതിൽനിന്നു തന്നെ ഇതിന്റെ ഉദ്ദേശ്യം വളരെ വ്യക്തമായിട്ട് മനസ്സിലാക്കുവാൻ കഴിയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(93) പീഠികയിൽ "പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും" എന്നതിനുപകരം "പെൻഷനും മറ്റ് ആനുകൂല്യങ്ങളും" എന്ന് ഭേദഗതി ചെയ്യുക.

(104) ഖണ്ഡം 1(2) ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുക.

(2) "ഇത് 2002 ജനുവരി 1-ന് പ്രാബല്യത്തിൽ വന്നതായി കണക്കാക്കാവുന്നതാണ്."

ഈ പീഠികയിൽ പറയുന്നത്, കേരള സംസ്ഥാനത്തെ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും എന്നാണ്. പെൻഷൻ ആനുകൂല്യം എന്നുപറയുമ്പോൾ അത് അവ്യക്തത ഉണ്ടാകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് എന്റെ ഭേദഗതി പെൻഷൻ ആനുകൂല്യം എന്നുപറയുന്നതിനു പകരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും എന്നുമതി. പെൻഷൻ ആനുകൂല്യം എന്നു പറയുമ്പോൾ ചെറിയ കൺഫ്യൂഷനുണ്ടാകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ആ തരത്തിൽ ഒരു മാറ്റം വരണം. അതുപോലെ ഇതിൽ പറയുന്നത്, ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരും എന്നാണ്. അതിന് പകരം 2002 ജനുവരി 1-ന് പ്രാബല്യത്തിൽ വന്നതായി കണക്കാക്കണമെന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(95) പീഠികയുടെ ഒന്നാം ഖണ്ഡിക താഴെപറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"കേരള സംസ്ഥാനത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിലേക്കായി ഒരു ഫണ്ട് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ"

ശ്രീ. ടി. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(96) പീഠികയുടെ ഒന്നാം ഖണ്ഡിക താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"കേരള സംസ്ഥാനത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമത്തിനായുള്ള ഒരു നിധിയുടെ രൂപീകരണത്തിനും അതിനോടനുബന്ധിച്ചതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ."

(107) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക

(2) "ഇത് 2003 സെപ്റ്റംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. മത്തായി ചാക്കോ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(97) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക

"(2) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്."

ഇവിടെ മറ്റുള്ളവർ പറയുന്നതുപോലെ ഇതിനൊരു ഡേറ്റ് വച്ചുകൊണ്ടായിരിക്കും നിയമം പ്രാബല്യത്തിൽവരിക. ഇനി അഥവാ മന്ത്രി അംഗീകരിച്ചില്ലെങ്കിൽ അതിനകത്ത് ഒരു ഭാഷാ പ്രശ്നമുണ്ട്. ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കാവുന്ന എന്നുള്ളത് നിശ്ചയിക്കുന്ന എന്നെങ്കിലും ആക്കണമെന്നതാണ്. നിശ്ചയിക്കാവുന്ന എന്നുപറയുമ്പോൾ മലയാള ഭാഷയുടെ പ്രയോഗത്തിന്റെ പ്രശ്നമുണ്ട്. അതു നിശ്ചയിക്കുന്ന എന്നെങ്കിലുമാക്കി മാറ്റണം.

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(105.) ഖണ്ഡം 1(2) താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

(2) "ഇത് 2003 ആഗസ്റ്റ് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ഇത് നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്ന എന്നതിനു പകരം 2003 ആഗസ്റ്റ് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരണമെന്നാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(106) ഖണ്ഡം 1 (2) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക :

(2) "ഇത് 2003 ആഗസ്റ്റ് 15-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. എം. വി. ജയരാജൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(108) ഖണ്ഡം 1 ഉപഖണ്ഡം (2) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

(2) "ഇത് 2003 സെപ്റ്റംബർ 15-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, As the government may by notification എന്നു പറയുന്നതിന്റെ ഒരു മലയാളീകരണമെന്നതേയുള്ളു. അത് ചെറിയ ചെറിയ കാര്യങ്ങളാണ്. അമെന്റ്മെന്റ് ഒന്നും സ്വീകരിക്കുവാൻ ഉദ്ദേശമില്ല. ബിൽ നിയമസഭയിൽ വരുമ്പോൾ മിക്കവാറും It may come into force on such date as by notification in the Gazette published. അത് ഡിക്ളെയർ ചെയ്യുന്ന ഡേറ്റിലാണ് എല്ലാ ബില്ലുകളും വരുന്നത്. ഉടൻതന്നെ റൂൾ ഫ്രെയിം ചെയ്യും. ഉടൻതന്നെ ഗവൺമെന്റ് നോട്ടിഫൈ ചെയ്ത് നിലവിൽ കൊണ്ടുവരും. അതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ട് ഡേറ്റ് പറയേണ്ട കാര്യമില്ല. സാധാരണ പൊതു നിയമങ്ങളിലെടുക്കുന്ന നിലപാടുതന്നെയാണ് ഇതിലും.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 91, 94, 103 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 93, 104 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 96, 107 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരള നിയമസഭയിൽ പുതിയ ഒരു നിയമനിർമ്മാണമാണ് നടത്തുന്നത്. നമ്മുടെ സമൂഹത്തിൽ ജുഡീഷ്യൽ രംഗത്ത് നിശബ്ദമായി സാമൂഹ്യ സേവനം നടത്തുന്ന ഒരു വിഭാഗമാണ് ഗുമസ്തന്മാർ. ഏതു ഉന്നതന്മാരായ അഡ്വക്കേറ്റ്മാരുടെ പുറകിലും സമർത്ഥരായ ഗുമസ്തന്മാരുടെ പങ്കാളിത്തമുണ്ടായിട്ടുണ്ട്. കേസുമായി ബന്ധമുള്ളവർക്ക് വക്കീലന്മാരെക്കാളും കൂടുതൽ പരിചയം ഇങ്ങനെയുള്ള ഗുമസ്തന്മാരെയാണ്. കോടതിയിൽ എത്തിക്കഴിഞ്ഞാൽ വക്കീൽ ഗുമസ്തന്റെ തലകണ്ടാൽ ആശ്വാസമാകും. അതാണ് കോടതിയിൽ പോയാലുള്ള അനുഭവം. പല വക്കീലന്മാരേയും നേരിട്ട് കാണാൻ പറ്റില്ല. പല കേസുകളിലും പ്രതിയായിട്ടുള്ള ആളുകൾ കോടതിയിൽ എത്തിയാൽ സ്റ്റാമ്പ് ഒട്ടിക്കുന്നതിനും ലീവ് പെറ്റീഷൻ കൊടുക്കുന്നതിനുമൊക്കെ വക്കീൽ ഗുമസ്തനെയാണ് സമീപിക്കുന്നത്. വക്കീലിനോട് പറയുവാൻ കഴിയില്ല. ഗുമസ്തനാണ് ഈ കാര്യങ്ങളൊക്കെ ചെയ്യുന്നത്. കക്ഷികളുമായി ഏറ്റവും കൂടുതൽ ഇടപെടുന്ന ഒരു വിഭാഗമാണ് ഗുമസ്തന്മാർ. അങ്ങനെയുള്ള ഗുമസ്തന്മാർക്ക് കിട്ടുന്ന വരുമാനം വളരെ തുച്ഛമാണ്. നല്ല വരുമാനം കിട്ടുന്ന ചിലരുമുണ്ട്. വക്കീലിനെക്കാൾ കൂടുതൽ വരുമാനം കിട്ടുന്ന ഗുമസ്തന്മാരുമുണ്ട്. പക്ഷേ മഹാഭൂരിപക്ഷം ഗുമസ്തന്മാരുടെ കാര്യം നോക്കിയാൽ ശോചനീയാവസ്ഥയാണ്. പലരും പിരിഞ്ഞുപോകുന്നത് തീരെ വയ്യാത്ത അവസ്ഥയാകുമ്പോഴാണ്, എഴുന്നേറ്റു നടക്കുവാൻ കഴിയാത്ത സാഹചര്യത്തിലാണ്.

മി. സ്പീക്കർ : ഇതൊക്കെ ആദ്യംപറയേണ്ടതാണ്. മൂന്നാം വായനയിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങനെയുള്ളവരുടെ പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്യാനും തീരുമാനം എടുക്കുവാനും കഴിഞ്ഞത് വളരെ നല്ല കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ ഇതിന് തുടക്കംകുറിച്ചതാണ്. അന്ന് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പൈലറ്റ് ചെയ്തപ്പോൾ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള ഒട്ടേറെ ഭേദഗതികൾ അംഗീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ നിയമനിർമ്മാണ പ്രക്രിയയിൽ നമുക്ക് ഒന്നിച്ചു സഹകരിക്കുവാൻ സാധിച്ചത് നല്ലൊരു കാര്യമാണ്. ധാരാളം നിയമനിർമ്മാണം നടത്തി മാതൃക കാണിച്ച ഒരു നിയമസഭയാണിത്. ആ കാര്യത്തിൽ വക്കീൽ ഗുമസ്തന്മാരുടെ ജീവിതത്തിന് ഭദ്രതയുണ്ടാക്കുവാൻ, കൂടുതലൊന്നും കിട്ടില്ലെങ്കിലും ഒരു മാസത്തെ പെൻഷൻ 1,000 രൂപയും, അവർ പിരിഞ്ഞു പോകുമ്പോൾ കിട്ടിക്കൊണ്ടിരുന്ന ഒരു ലക്ഷം രൂപ എന്നത് രണ്ട് ലക്ഷം രൂപയെങ്കിലും ആക്കണം. റൂൾസ് തയ്യാറാക്കുമ്പോൾ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഉത്തരവാദപ്പെട്ടവരും ഇടപെടണം. സമൂഹത്തിൽ അവർക്ക് ജീവിത ഭദ്രത ഉണ്ടാക്കിക്കൊടുക്കുവാൻ സഹായകരമായ ഇടപെടലിന് തുടക്കം കുറിക്കുന്ന ഒരു ബില്ലാണിത്. ഇത്തരത്തിൽ ഒരു നിയമനിർമ്മാണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുവാൻ സാധിച്ചതിലും അവരുടെ വേദനയിൽ പങ്കുകൊള്ളുവാൻ ഈ നിയമസഭയ്ക്ക് സാധിച്ചതിലും സന്തോഷമുണ്ട്. ഈ ബിൽ അംഗീകരിക്കണമെന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. കോടിയേരി പറഞ്ഞതിനോട് യോജിച്ചുകൊണ്ട് സംസാരിക്കുകയാണ്. ഇതുപോലുള്ള ക്ഷേമനിധി നിയമങ്ങൾ പലതും ഈ നിയമസഭയിൽ പാസ്സാക്കിയിട്ടുണ്ട്. ഇനിയും ധാരാളം മേഖലയിൽ ക്ഷേമനിധി കൊണ്ടുവരണമെന്ന ആവശ്യം വളരെ ശക്തമായി ഉയർന്നുവന്ന സാഹചര്യത്തിൽ അത്തരം നിയമനിർമ്മാണത്തിനുകൂടി കേരള നിയമസഭ വേദിയൊരുക്കണം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഞങ്ങൾ അവതരിപ്പിച്ച എല്ലാ ഭേദഗതികളുടെയും സ്പിരിറ്റ് അംഗീകരിച്ചു ; ഞങ്ങൾ ഉന്നയിച്ച പലതും സ്വീകരിക്കുവാൻ തയ്യാറായി. നല്ല ഒരു മാതൃക ഇവിടെ കാണിച്ചു. പലപ്പോഴും അംഗങ്ങൾ പാടുപെട്ട് ഭേദഗതികൾ തയ്യാറാക്കിക്കൊണ്ടു വന്നാൽ നിഷ്ക്കരുണം തള്ളുകയാണ് പതിവ്. അതിൽനിന്നും വ്യത്യസ്തമായി നിയമ വകുപ്പുമന്ത്രി ചിലത് ഉൾക്കൊള്ളുവാൻ തയ്യാറായി. അതിൽ വളരെ നന്ദിയുണ്ട്. നിയമ വകുപ്പിന്റെ കീഴിലുള്ള ഒന്നാക്കി ഈ ക്ഷേമനിധിയെ മാറ്റി നിർത്തേണ്ടതാണ്. എങ്കിൽ മാത്രമേ നമ്മൾ ആഗ്രഹിക്കുന്നതുപോലെ ഗുമസ്തന്മാർക്ക് നേട്ടമുണ്ടാക്കിക്കൊടുക്കുവാൻ കഴിയൂ എന്നതുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശ്രീ. രാജേന്ദ്രന് അറിയാം ഇവിടെ ഏത് ക്ഷേമനിധി വന്നാലും അതിന് ഒരു നിയമം ഉണ്ട്. ആ നിയമത്തിന് ഒരു വകുപ്പുണ്ട്. ഏതെങ്കിലും ഒരു മന്ത്രിയുടെ കീഴിലേ ഇതുവരൂ. അത് നിയമ വകുപ്പിന്റെ കീഴിൽ വന്നു എന്നതുകൊണ്ട് കുഴപ്പമില്ല. വക്കീൽ ക്ലാർക്കുമാരുടെ നിയമം, ഞാൻ നേരത്തെ

പറഞ്ഞതുപോലെ കേരള നിയമസഭ പുരോഗമനപരമായ പല നിയമങ്ങൾക്കും മാതൃകയാണ്. ഇൻഡ്യയിൽ ആദ്യമായി അഭിഭാഷക ക്ഷേമനിധി കേരളത്തിലാണ് പാസ്സാക്കിത്. ഇതും ഇൻഡ്യയിൽ ആദ്യമായിട്ടാണ്. അത് വളരെ സന്തോഷമായ കാര്യമാണ്. അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ബുദ്ധിമുട്ടൊന്നുമില്ല എന്നാണ് പലരുടെയും ധാരണ. അവർ ദുർബല ജനവിഭാഗങ്ങളാണ്. വക്കീലന്മാർക്കും വിഷമതകളുണ്ട്. ക്ലാർക്കുമാർ വളരെയധികം ബുദ്ധിമുട്ടുന്ന ആളുകളാണ്. അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഇപ്രകാരം ഒരു നിയമം കൊണ്ടുവന്നതിൽ വളരെ സന്തോഷമുണ്ട്. ഞാൻ സ്വീകരിക്കാത്ത ഒറ്റ ഭേദഗതിയേയുള്ളു. മറ്റ് ഭേദഗതികളൊക്കെ നിയമം ഒന്നുകൂടി നന്നാക്കാൻ വേണ്ടിയാണ്. അത്രമാത്രം നല്ലൊരു ആത്മാവ് ഈ നിയമത്തിന് കൊടുക്കുവാൻ വേണ്ടിയാണ് ഞാൻ പ്രതിപക്ഷത്തിന്റെ പല ഭേദഗതികളും സ്വീകരിച്ചത്. സ്വീകരിക്കാത്തത് ഒന്നേയുള്ളു. തെരഞ്ഞെടുപ്പുവേണമെന്ന് പറയുന്നതിന്റെ അർത്ഥം ഒന്നുകൂടെ മനസ്സിലാക്കണം. 20 ക്ഷേമനിധികൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അതിൽ ഒന്നിലും ഇലക്ഷനില്ല. ഇലക്ഷൻ വന്നാൽ നിരവധി അസോസിയേഷനും മറ്റു കാര്യങ്ങളുമൊക്കെയായി അതിന്റെ കൂട്ടായ്മ കളയണ്ട എന്നതുകൊണ്ടാണ് ഇവിടെ നോമിനേഷൻ കൊണ്ടുവന്നത്. മറ്റ് എല്ലാ നിലയിലും പരിശോധിക്കുകയാണെങ്കിൽ ഈ നിയമം ഒരു മാതൃകാ നിയമം തന്നെയാണ്; നല്ലൊരു നിയമമാണ്. ഉടൻതന്നെ റൂൾസ് കൊണ്ടുവന്ന് ഇത് നല്ല രീതിയിൽ നടപ്പിലാക്കുമെന്ന് നിയമസഭയ്ക്ക് ഉറപ്പുതരുന്നു.

മി. സ്പീക്കർ : 2002-ലെ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

2 (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly